907/16

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ നഴ്സിംഗ് സ്റ്റാഫിന്റെ കോമ്പൻസേഷൻ അവധി പുനർ നിർണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

സ.ഉ.(കൈ)നം. 02/2016/തൊഴിൽ    തിരുവനന്തപുരം, തീയതി:07/01/2016

---

പരാമർശം:- 1.ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 04/08/2007-ലെ എ 3-26141/05/ഡി.ഐ.എം.എസ്. നമ്പർ സർക്കുലർ.

2.26/02/2009-ലെ സ.ഉ.(കൈ) നം.28/2009/തൊഴിൽ.

3.23/09/2015-ലെ സ.ഉ.(കൈ) നം.142/2015/തൊഴിൽ.

4.കേരള ഗവൺമെന്റ് നഴ്സസ് അസ്സോസിയേഷൻ തൊഴിൽ വകുപ്പ് സെക്രട്ടറിക്ക് നൽകിയ 14//10/2015-ലെ നിവേദനം.

5.ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 31/10/2015-ലെ ബി2-23587/2010/ഡി.ഐ.എം.എസ്. നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ നഴ്സിംഗ് സ്റ്റാഫിന്, ജോലിചെയ്യുന്ന മൊത്തം അവധി ദിവസങ്ങൾക്കും പകരമായി കോമ്പൻസേഷൻ അവധി അനുവദിച്ച് പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു. നഴ്സിംഗ് സ്റ്റാഫിന് മാത്രമായി അനുവദിച്ചിട്ടുള്ള അധിക അവധി പ്രായോഗിക ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാരുടെയും കോമ്പൻസേഷൻ അവധി ഒരേപോലെ ക്രമീകരിക്കണമെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ നഴ്സിംഗ് സ്റ്റാഫിനും മറ്റ് ജീവനക്കാർക്ക് നൽകിയിട്ടുള്ളതുപോലെ ഒരു കലണ്ടർ വർഷം എടുക്കാവുന്ന കോമ്പൻസേഷൻ അവധിയുടെ എണ്ണം പരമാവധി 22 ദിവസമായി നിജപ്പെടുത്തിക്കൊണ്ട് പരാമർശം 3 പ്രകാരം ഉത്തരവാകുകയുണ്ടായി. ടി ഉത്തരവ് റദ്ദാക്കണമെന്നും പരാമർശം 2 ഉത്തരവിൻ പ്രകാരമുള്ള കോമ്പൻസേഷൻ അവധി പുനഃസ്ഥാപിച്ച നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേരള ഗവൺമെന്റ് നഴ്സസ് അസോസിയേഷൻ പരാമർശം 4 പ്രകാരം നിവേദനം നൽകിയിരുന്നു. നഴ്സിംഗ് ജീവനക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന കടമകളും ഉത്തരവാദിത്തങ്ങളും വകുപ്പിലെ മറ്റ് ജീവനക്കാരുടേതിൽനിന്നും വ്യത്യസ്തമായതിനാൽ പരാമർശം 2 പ്രകാരമുള്ള ആനുകൂല്യം പുനഃസ്ഥാപിച്ച നൽകണമെന്നതായിരുന്നു നിവേദനത്തിലെ ആവശ്യം .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപറയും പ്രകാരം ഉത്തരവാകുന്നു.

പരാമർശം ഒന്നിലെ സർക്കലറിൽ പരാമർശിച്ചിരിക്കുന്ന പ്രകാരം, ഇ.എസ്.ഐ ആശുപത്രി/ഡിസ്പെൻസറികളിലെ മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാർക്കും മിനിസ്റ്റീരിയൽ ജീവനക്കാർ ഒഴികെയുള്ള മറ്റുവിഭാഗം ജീവനക്കാർക്കും ഒരു കലണ്ടർ വർഷം എടുക്കാവുന്ന പൊതു അവധികളുടെയും ഞായറാഴ്ച ഒഴികെയുള്ള പൊതു അവധി ദിവസങ്ങൾക്കു പകരമായി എടുക്കാവുന്ന കോമ്പൻസേഷൻ അവധികളുടെയും പരമാവധി എണ്ണം 22 ദിവസമായി തന്നെ നിലനിർത്തുന്നു. എന്നാൽ വകുപ്പിലെ നഴ്സിംഗ് സ്റ്റാഫിന്റെ ജോലിയുടെ പ്രത്യേക സ്വഭാവം കണക്കിലെടുത്ത്, ടി ജീവനക്കാർ 22 ൽ കൂടുതൽ പൊതു അവധി ദിനങ്ങളിൽ ( ഞായർ ഒഴികെ) ജോലി ചെയ്യുന്ന പക്ഷം അത്രയും ദിവസത്തെ കോമ്പൻസേഷൻ അവധി കൂടി അവർക്ക് അനുവദിച്ചുനൽകാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
പി.ഹരികുമാർ,
അഡീഷണൽ സെക്രട്ടറി.

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ്, തിരുവനന്തപുരം.
ജനറൽ സെക്രട്ടറി, കേരളാ ഗവൺമെന്റ് നഴ്സസ് അസ്സോസിയേഷൻ, സെൻട്രൽ ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ്, കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഡി.ബി.സെൽ) കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**Endorsement No. B2-23587/2010/DIMS dated, 19/01/2016**

സർക്കാർ ഉത്തരവ് അറിവിലേക്കും അനന്തര നടപടികൾക്കുമായി അയയ്ക്കുന്നു.

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്ക് വേണ്ടി**

**To,**

1. Regional Deputy Director, Insurance Medical Services, South Zone, Kollam/ Central Zone, Ernakulam/ North Zone, Kozhikode.
2. All Hospital Superintendents.
3. File/Stock file/ Web Site.

G.S/ -